128 (1037) സഹകരണ എഞ്ചിനീയറിംഗ് കോളേജുകൾ

ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര സഹകരണ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) എവിടെയെല്ലാം; ഏതെല്ലാം കോഴ്സുകൾക്കാണ് അനുവാദം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആകെ എത്രപേർക്ക് പ്രവേശനം നൽകും; ഓരോ കോളേജിലും എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രവേശനം നൽകുന്നതിൽ സംവരണതത്വം പാലിക്കുന്നുണ്ടോ;

(ഇ) കോളേജ് ഭരണം നടത്തുന്നതിനുള്ള ഭരണസമിതിയുടെ രൂപീകരണം എപ്രകാരമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സഹകരണ അക്കാദമിയുടെ കീഴിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് അനുവദിച്ചിട്ടുണ്ട്.

(ബി) സഹകരണ അക്കാദമിയുടെ കീഴിൽ കോഴിക്കോട് ജില്ലയിലെ വടകരയിലാണ് എഞ്ചിനീയറിംഗ് കോളേജ് അനുവദിച്ചിട്ടുള്ളത്. താഴെ പറയുന്ന വിഷയങ്ങളിൽ ബി-ടെക് ഡിഗ്രി കോഴ്സാണ് അനുവദിച്ചത്.

1. ഇൻഫർമേഷൻ ടെക്നോളജി
2. കംപ്യൂട്ടർ സയൻസും എഞ്ചിനീയറിംഗും
3. ഇലക്ട്രോണിക്സും കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗും
4. ഇലക്ട്രോണിക്സും ഇൻസ്ട്രുമെന്റേഷനും

(സി) വടകരയിലെ സഹകരണ എഞ്ചിനീയറിംഗ് കോളേജിൽ മൊത്തം 240 പേർക്കാണ് പ്രവേശനം നൽകുന്നത്.

(ഡി) സംവരണതത്വം പാലിച്ച് പ്രവേശന പരീക്ഷാ കമ്മീഷണറാണ് വിദ്യാർത്ഥികളെ നിയോഗിക്കുന്നത്.

(ഇ) സഹകരണ അക്കാദമിയുടെ "മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ആന്റ് റൂൾസ്" പ്രകാരം ഓരോ സ്ഥാപനത്തിനോ സ്ഥാപനങ്ങളുടെ ഒരു ഗ്രൂപ്പിനോ ഒരു ഭരണ സമിതി ഉണ്ടായിരിക്കുന്നതും, താഴെ പറയുന്നവർ അംഗങ്ങളായിരിക്കുന്നതും ആണ്.

1. ചെയർമാൻ - സഹകരണ വകുപ്പുമന്ത്രി
2. സഹകരണവകുപ്പു സെക്രട്ടറി
3. സഹകരണസംഘം രജിസ്ട്രാർ
4. മാനേജിംഗ് ഡയറക്ടർ - കേരള സംസ്ഥാന സഹകരണബാങ്ക്
5. സഹകരണ അക്കാദമി ഡയറക്ടർ

LIBRARY ARCHIVES Kerala Legislative Assembly

6. കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രസിഡന്റ്

7. കോളേജ് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർവ്വകലാശാലയുടെ വൈസ് ചാൻസലർ അല്ലെങ്കിൽ വൈസ്ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന അവിടത്തെ ഒരു പ്രൊഫസർ.

8. "ആൾ ഇൻഡ്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ" നാമനിർദ്ദേശം ചെയ്യുന്ന ആൾ.

9. "ബോർഡ് ഓഫ് ഗവർണേഴ്സ്"-ൽ വ്യവസായത്തെ പ്രതിനിധീകരിക്കുന്ന മെമ്പർ.

10. ചെയർമാൻ, സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നാമനിർദ്ദേശം ചെയ്യുന്ന പ്രസ്തുത സ്ഥാപനത്തിലെ ഒരു പ്രൊഫസർ.

11. സ്ഥാപനം സ്ഥിതിചെയ്യുന്ന ജില്ലയിലെ ജില്ലാ സഹകരണബാങ്കിന്റെ പ്രസിഡന്റ്.

12. സ്ഥാപനത്തിലെ പ്രിൻസിപ്പൽ (എക്സ്-ഒഫിഷ്യോ ആന്റ് മെമ്പർ സെക്രട്ടറി).

129 (1038) സഹകരണബാങ്കുകളിലേയ്ക്ക് പി.എസ്.സി.വഴി നിയമനം

ശ്രീ. ആന്റണി രാജു :
ശ്രീ. പി.സി. ജോർജ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ?

(എ) ജില്ലാ സഹകരണ ബാങ്കുകളിലേക്ക് പബ്ളിക് സർവ്വീസ് കമ്മീഷൻവഴി നിയമനം നടത്തുമ്പോൾ നിലവിൽ പ്രാഥമിക സഹകരണസംഘം ജീവനക്കാർക്ക് നൽകുന്ന സംവരണം നിലനിറുത്തുമോ;

(ബി) ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്തുമ്പോൾ ക്ളാർക്ക്-കം-കാഷ്യർ തസ്തികയിലേക്ക് അപേക്ഷിക്കുന്നവർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണ്;

(സി) പ്രാഥമിക സഹകരണസംഘം ജീവനക്കാർക്ക് പ്രസ്തുത യോഗ്യതയിൽ ഇളവ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) പ്രാഥമിക സഹകരണസംഘം ജീവനക്കാർക്കായി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ ഉദ്യോഗാർത്ഥികളുടെ കുറവുണ്ടെങ്കിൽ അത്തരം കുറവ് എങ്ങനെ നികത്താനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) നിലവിലുള്ള സംവരണം നിലനിർത്തിയിട്ടുണ്ട്.

(ബി) ജില്ലാ സഹകരണ ബാങ്കുകളിലെ ക്ളാർക്ക്-കം-കാഷ്യർ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യത ബി.എ./ബി.എസ്.സി./ബി.കോം ബിരുദവും എച്ച്.ഡി.സി. അല്ലെങ്കിൽ ജെ.ഡി.സി.യുമാണ്. സഹകരണ വിഷയത്തോടുകൂടി ബി.കോം ബിരുദമെടുത്തിട്ടുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly